# INDIAN SCHOOL AL WADI AL KABIR

| CLASS: VIII ( 3rd Lang) | DEPARTMENT: MALAYALAM | DATE: 23-04-2023 |
|---|---|---|
| **Class Note** | **Lesson: കുഞ്ഞുപാത്തുമ്മ** | **Topic: OTQ & DISCRIPTIVE** |

**പദപരിചയം**

| | | |
|---|---|---|
| സുൽത്താൻ | നിഷ്കളങ്ക | ഭൂമുഖം |
| കുഞ്ഞുപാത്തുമ്മ | ഗ്രാമീണപെൺകൊടി | ജീവജാലങ്ങൾ |
| കഥാനായിക | ദാരിദ്ര്യം | സങ്കടം |
| പരിഷ്കാരി | പ്രതാപങ്ങൾ | പ്രാർത്ഥിക്കുക |
| മഹാമാന്ത്രികൻ | അയവിറക്കി | ആമ്പൽപ്പൊയ്ക |
| സാഹിത്യകാരൻ | മെതിയടി | ദേഷ്യം |
| മഹാദ്ഭുതം | പെൺകുട്ടി | വരാൽമൽസ്യം |
| വല്ലഭൻ | ഇബ്ലീസ് | കെട്ടിയോൻ |
| വെട്ടിവിഴുങ്ങി | കാപട്യം | കുരുവികൾ |
| പൊടിക്കുഞ്ഞുങ്ങൾ | പരിഷ്കൃതം | പാണൽച്ചെടി |
| ഗ്രാമവിശുദ്ധി | സംസ്കൃതചിത്തരായ | അയൽപക്കം |

**അർത്ഥം എഴുതുക**

വല്ലഭൻ = ഭർത്താവ്

നിഷ്കളങ്കം = കളങ്കമില്ലാത്ത

വിശുദ്ധി = പരിശുദ്ധി

കാപട്യം = കബളിപ്പിക്കൽ

സൃഷ്ടിക്കുക= ഉണ്ടാക്കുക

സമീപത്തേക്ക് = അടുത്തേക്ക്

ധൃതിയിൽ = തിടുക്കത്തിൽ

**വിപരീതപദം എഴുതുക**

ദാരിദ്ര്യം X സമ്പന്നം

വിശ്വാസം X അവിശ്വാസം

പാപം X പുണ്യം

ഗുണം X ദോഷം

പരിഷ്കൃതം X അപരിഷ്കൃതം

രസം X വിരസം

പഴയ X പുതിയ

ഉറക്കെ X പതുക്കെ

സൃഷ്ടി X സംഹാരം

കള്ളം X സത്യം

**പര്യായപദങ്ങൾ എഴുതുക**

വല്ലഭൻ → കാന്തൻ, പതി

രക്തം → ചോര, നിണം

മകൻ → പുത്രൻ, സുതൻ

ചിറക് → പക്ഷം, പത്രം

വെള്ളം → ജലം, സലിലം

വാക്ക് → വാണി, ഉക്തി

മൽസ്യം → മീൻ, ഝഷം

കൈ → പാണി, ഹസ്തം

തല → ശിരസ്, ശീർഷം

**എതിർലിംഗം എഴുതുക**

നായിക → നായകൻ

പെൺകുട്ടി → ആൺകുട്ടി

തമ്പുരാൻ → തമ്പുരാട്ടി

മകൻ → മകൾ

കെട്ടിയോൻ → കെട്ടിയോൾ

സാഹിത്യകാരൻ → സാഹിത്യകാരി

നിഷ്കളങ്കൻ → നിഷ്കളങ്ക

ഉമ്മ → ബാപ്പ

തടിയൻ → തടിച്ചി

ഭാര്യ → ഭർത്താവ്

താമസക്കാരൻ → താമസക്കാരി

വല്ലഭൻ → വല്ലഭ

**വിഗ്രഹിക്കുക**

കഥാനായിക → കഥയിലെ നായിക

ചീത്തവാക്ക് → ചീത്തയായ വാക്ക്

ഗ്രാമവിശുദ്ധി → ഗ്രാമത്തിന്റെ വിശുദ്ധി

വരാൽമൽസ്യം → വരാൽ എന്ന മൽസ്യം

**പിരിച്ചെഴുതുക**

പാട്ടാണ് → പാട്ട് + ആണ്

ദാരിദ്ര്യത്തിലാണ് → ദാരിദ്ര്യത്തിൽ + ആണ്

രണ്ടെണ്ണമുണ്ട് → രണ്ടെണ്ണം + ഉണ്ട്

ഒന്നേയുള്ളൂ → ഒന്നേ + ഉള്ളൂ

ജീവനുണ്ടോ → ജീവൻ + ഉണ്ടോ

**ചേർത്തെഴുതുക**

പെൺകൊടി + ആണ് → പെൺകൊടിയാണ്

പാപം + ആണ് → പാപമാണ്

അവൾക്ക് + അറിയില്ല → അവൾക്കറിയില്ല

നരകത്തിൽ + ഇടും → നരകത്തിലിടും

വിഷമം + ആണ് → വിഷമമാണ്

**ഉത്തരം എഴുതുക**

1. കുഞ്ഞു പാത്തുമ്മയെ ആരാണ് പാട്ട് പഠിപ്പിച്ചത് ?

ആയിഷയാണ് കുഞ്ഞു പാത്തുമ്മയെ പാട്ട് പഠിപ്പിച്ചത്.

2. "വല്ലഭന് പുല്ലും ആയുധം" ഇത് ആരെപ്പറ്റിയാണ് പറയുന്നത് ?

വൈക്കം മുഹമ്മദ് ബഷീറിനെപ്പറ്റിയാണ് "വല്ലഭന് പുല്ലും ആയുധം" എന്ന് പറയുന്നത്.

3. കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത് ?

കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും അവരുടെ പഴയ പ്രതാപത്തെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത്.

4. "അയാൾ അവളുടെ കൈ പിടിച്ചു കയറ്റി" ആരാണ് കുഞ്ഞുപാത്തുമ്മ-യുടെ കൈ പിടിച്ചു കയറ്റിയത് ?

നിസാർ അഹമ്മദാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത്.

5. അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട് ?

അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് അവൾ കുപ്പായമിടാത്തതുകൊണ്ടാണ്.

6. "അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല" ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

കുഞ്ഞുപാത്തുമ്മയെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

7. 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ' എന്ന നോവൽ എഴുതിയതാര് ?

'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ' എന്ന നോവൽ എഴുതിയത് വൈക്കം മുഹമ്മദ് ബഷീറാണ്.

8. "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്. " എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത് ?

അട്ടയെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത്.

*****